കെ.എസ്.എ 2563/എസ്റ്റാ.2/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം
തീയതി. 20-04-2017
ഫോൺ നംപർ. 0471 - 2303640
E-mail:ldirector.ksad@kerala.gov.in

## സർക്കുലർ നം. 6 /2017

**വിഷയം - പരിശിലന പരിപാടിയിൽ ഫാക്കൽറ്റിയായി പ്രവർത്തിക്കുന്നത് സംബ**

കേന്ദ്രസംസ്ഥാന ഗവൺമെന്റിന് കീഴിലുള്ള പരിശീലന സ്ഥാപനങ്ങളിൽ പരിശീലകരായി പങ്കെടുക്കുന്നതിന് താഴെ വിവരിക്കുന്ന രീതിയിൽ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേന്ദ്രസംസ്ഥാന ഗവൺമെന്റിന് കീഴിലുള്ള സ്ഥാപനങ്ങളിലും കില തുടങ്ങിയ പരിശീലന സ്ഥാപനങ്ങളിലും പരിശീലകരായോ ഉപദേശകരായോ പ്രവർത്തിക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന്റെ അപേക്ഷ സഹിതം വകുപ്പ മേധാവിയോട് ഉചിത മാർഗേന അനുമതി തേടേണ്ടതാണ്.

2. വകുപ്പ മേധാവിയുടെ അനുമതി ലഭിക്കാതെ ജീവനക്കാർ പരിശീലകരായി പങ്കെടുക്കുന്നത് ഗൗരവമായി വീക്ഷിക്കുന്നതും ആ ജീവനക്കാർക്കെതിരെ വകുപ്പ തല അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

3. വകുപ്പ മേധാവിയുടെ അനുമതി ഇല്ലാതെ പരിശീലനത്തിൽ പങ്കെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ താമസംവിന പ്രസ്തുത വിവരം ഓഫീസ് തലവൻമാർ വകുപ്പ മേധാവിയെ അറിയിക്കേണ്ടതാണ്.

4. എല്ലാ സബ് ഓഫീസുകളും പരിശീലകരായി പങ്കെടുക്കുന്ന ജീവനക്കാരുടെ പേര് ,സ്ഥാപനത്തിന്റെ പേര്,ദിവസം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും പ്രസ്തുത രജിസ്റ്റർ ആഭ്യന്തര പരിശോധയിൽ പരിശോധിക്കുന്നതുമായിരിക്കും.

എല്ലാ ഓഫീസ് മേധാവികളും ജിവനക്കാരും ഈ നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

അംഗീകാരത്തോടെ

ഓഡിറ്റ് ഓഫീസർ